(സി) സംസ്ഥാനത്ത് ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിൽ ദുരന്ത ലഘൂകരണം ഉറപ്പാക്കുന്നതിനും ദുരന്തത്തിന് ഇരയാകുന്നവർക്ക് സമയോചിതവും പര്യാപ്തവുമായ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തത്ത്വത്തിൽ അംഗീകരിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കേണ്ട സ്ഥലങ്ങളെയും ഇനങ്ങളെയും സംബന്ധിച്ച് ജില്ലാ കളക്ടർ മുഖേന സർവ്വേ നടത്തി വരുന്നു. കൂടാതെ അനുയോജ്യമായ ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഭൂമി കേരളം പദ്ധതി

10(*100) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഭൂമി കേരളം പദ്ധതിയിലൂടെ എത്ര വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഇതിനകം എത്ര വില്ലേജുകളിലെ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) ഭൂമേഖാ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ഇ) എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 'ഭൂമികേരളം' പദ്ധതിയിലും, പരമ്പരാഗത രീതിയിൽ സർവ്വേ വകുപ്പിന്റെ കീഴിലും റീസർവ്വേ ജോലികൾ പൂർത്തിയാക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കാൻ ശേഷിക്കുന്ന വില്ലേജുകളിൽ സർവ്വേ വകുപ്പിൽ പരമ്പരാഗത രീതിയിൽ റീസർവ്വേ ചെയ്യുന്നത് ഒഴികെയുള്ള വില്ലേജുകൾ 'ഭൂമികേരളം' പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ 12 വില്ലേജുകളുടെയും രണ്ടാം ഘട്ടത്തിൽ 31 വില്ലേജുകളുടേയും റീസർവ്വേ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 'ഭൂമികേരളം' പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജിന്റെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണം നിലവിൽ റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ നടന്നുവരുന്നു.

(ഇ) ഇല്ല. സംസ്ഥാനത്താകെയുള്ള 1634 വില്ലേജുകളിൽ 777 വില്ലേജുകളിൽ കമ്പ്യൂട്ടറുകൾ ലഭ്യമാണ്. അവശേഷിക്കുന്ന വില്ലേജുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

വൻകിട വ്യവസായങ്ങളിൽ മുതൽമുടക്ക്

11(*10) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എത്ര ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ എത്ര വ്യവസായങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) പുതുതായി ഇനി എത്ര വ്യവസായശാലകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതുതായി ഇപ്രകാരം ആരംഭിച്ച സ്ഥാപനങ്ങൾവഴി സംസ്ഥാനത്ത് എത്ര രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ,

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 66 വൻകിട ഇടത്തരം പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ 41 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വകാര്യ മേഖലയിൽ 223 സംരംഭകർക്കും, 3 പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) 2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി 10 യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ വഴി 170 കോടി രൂപയുടെ മുതൽ മുടക്കാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly